# 'ദീർഘവീക്ഷണവും വിശാലചിന്താഗതിയും ഉണ്ടായിരുന്ന മഹാനായ ഒരു ദേശാഭിമാനിയായിരുന്നു വക്കം മൗലവി' *

ബഹു: കേരള മുഖ്യമന്ത്രി ശ്രീ. ഈ. കെ. നായനാർ

കേരള ചരിത്രത്തിൽ അവിസ്മരണീയനായ ഒരു മഹാ വ്യക്തിയുടെ പേരിലുള്ള ട്രസ്റ്റിൻെറ പ്രവർത്തനം ഇന്ന് ആരംഭിക്കുകയാണ്. ഇതിൻെറ ഉൽഘാടന കർമ്മത്തിനുവേണ്ടി ഇതിൻെറ ഭാരവാഹികൾ എന്നെ ക്ഷണിച്ചപ്പോൾ ഞാൻ പഴയകാലത്തെ സ്വാതന്ത്ര്യസമരത്തിൻെറയും ദിവാൻഭരണത്തിനെതിരായ പോരാട്ടത്തിൻെറയും ചരിത്രത്തിലേക്ക് ഒന്നു പിൻതിരിഞ്ഞു നോക്കുകയാണു ചെയ്തത്. അന്ന് വക്കം അബ്ദുൽ ഖാദർ മൗലവി ചൂണ്ടിക്കാണിച്ച ആ മാതൃകയിൽ കൂടി—ധീരപൂർവമായ സമരത്തിൻെറ പാതയിൽകൂടി ജനങ്ങൾ മുന്നോട്ടുതന്നെയാണ് പോകുന്നത്. അരനൂററാണ്ടിലേറെ കാലമായി അദ്ദേഹം നമ്മളിൽ നിന്നു വിട്ടുപിരിഞ്ഞിട്ട്. 1932-ൽ അരനൂററാണ്ടുകാലംമുമ്പ് നമ്മളെ വിട്ടുപിരിഞ്ഞ ഒരു ദാർശനികൻെറയും പത്രപ്രവർത്തക നേതാവിൻെറയും അനുസ്മരണങ്ങൾ അയവിറക്കിക്കൊണ്ട് ഒരു സ്മാരകം—ഒരു ട്രസ്ററ് ഉണ്ടാക്കണമെന്ന് ഇപ്പോഴെങ്കിലും തോന്നിയത് നല്ല കാര്യമാണ്. കാരണം പഴയ നല്ല കാര്യങ്ങളെപ്പററി അയവിറക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. ഇന്ന് ശ്രീ. കെ. എം. ബഷീറിൻെറയും സുഹൃത്തുക്കളുടെയും നേതൃത്വത്തിൽ വക്കം മൗലവി

---

* 21-6-87-ൽ വക്കം മൗലവി ഫൗണ്ടേഷൻ ട്രസ്റ്റ് ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഈ. കെ. നായനാർ ചെയ്ത പ്രസംഗം

യുടെ പേരിൽ ഇത്തരം ഒരു സ്ഥാപനം രൂപം കൊള്ളുന്നത്, ആ സ്മരണ നിലനിർത്താൻ നമ്മൾ ആഗ്രഹിക്കുന്നത്, അസാധാരണനായ ഒരു വ്യക്തിയായിരുന്നു മൗലവി എന്നു മനസ്സിലാക്കിക്കൊണ്ടുതന്നെയാണ്. സമ്പന്ന കുടുംബത്തിൽ ജനിച്ച അദ്ദേഹം സുഖലോലുപതയിൽ ആണ്ടുപോകാതെ അനീതികളോടും അധികാരശക്തികളോടും മല്ലടിച്ച് സ്വന്തം ജനതയുടെ ഉയർച്ചക്ക് ധീരമായി പോരാടിക്കൊണ്ടുള്ള ഒരു ജീവിതമാണ് നയിച്ചത്. അദ്ദേഹത്തിന്റെ ജീവിതം നമുക്കു വെളിച്ചം തരുന്നു. വഴികാട്ടിതരുന്നു. ശ്രീനാരായണഗുരുവിന്റെ നവോത്ഥാനപ്രസ്ഥാനത്തിനുശേഷം കേരളത്തിൽ ഉയർന്നുവന്നിട്ടുള്ള പുതിയ മുന്നേററവും മാററങ്ങളും സാഹിത്യസാംസ്കാരിക രംഗങ്ങളിൽ വന്നിട്ടുള്ള മാററങ്ങളും തീർച്ചയായും നമ്മുടെ രാജ്യത്തെ പുതിയ ഒരു സ്വതന്ത്രപന്ഥാവിലേക്ക നയിക്കുന്നതിനു വെളിച്ചം വീശുകയും ആ വെളിച്ചത്തിൽ കൂടി മുന്നോട്ടുപോകാൻ മൗലവിയുടെ പ്രവർത്തനങ്ങൾ സഹായകരമായിത്തീരുകയും ചെയ്തിട്ടുണ്ട്. സ്വന്തം മതത്തിലെ അന്ധവിശ്വാസങ്ങൾക്കെതിരായി സമരം ചെയ്തുവന്ന അദ്ദേഹം മുസ്ലീം സമുദായത്തിലെ നവോത്ഥാനത്തിന്റെ പ്രണേതാവായി വളർന്നുയർന്നു. മൗലവിയുടെ പ്രവർത്തനം പക്ഷെ ഇവിടെ ഒതുങ്ങിയില്ല. സ്വന്ത മതത്തിലുള്ള അന്ധവിശ്വാസങ്ങൾക്കെതിരായി മാത്രമല്ല അദ്ദേഹം പ്രവർത്തിച്ചതും പോരാടിയതും. അന്നത്തെ പ്രവർത്തനവും ഇന്നത്തെ അന്ധവിശ്വാസം കൊണ്ടു രാജ്യത്തു സംഭവിച്ചിട്ടുള്ള അപകടങ്ങളും താരതമ്യപ്പെടുത്തിനോക്കുമ്പോൾ തീർച്ചയായും വളരെ സുധീരമായ ഒരു ആശയപ്രതിബദ്ധത കൊണ്ടു മാത്രമേ അന്ന് ആ പ്രവർത്തനത്തിന് ഇറങ്ങുവാൻ സാധിക്കുമായിരുന്നുള്ളൂ എന്നു കാണാം. ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും എതിരായി രാഷ്ട്രീയശക്തികൾക്കൊരു പേടിസ്വപ്നമായിത്തീർന്നു അദ്ദേഹം. വിവിധ ഭാഷകളിൽ പണ്ഡിതനായിരുന്ന വക്കം മൗലവി 1905-ൽ ഇന്ത്യൻ ദേശീയത തന്നെ കരുപ്പിടിച്ചിട്ടില്ലാതിരുന്ന കാലത്ത് സ്വന്തമായി ഒരു പത്രം തുടങ്ങിയപ്പോൾ അതു മലയാളത്തിൽതന്നെയാവണമെന്നും അതിന് 'സ്വദേശാഭിമാനി' എന്നു പേരിടണമെന്നും നിശ്ചയിച്ചത് മൗലവിയുടെ ദീർഘവീക്ഷണത്തിനും വിശാലമായ ചിന്താഗതിക്കും ഉൾക്കാഴ്ചക്കും ഉത്തമോദാഹരണമാണ്. 1905-ൽ ഒരു സമരം ഇന്ത്യയിൽ നടന്നിട്ടുണ്ട്—രണ്ടു രീതിയിലുള്ള മാർഗങ്ങളിൽകൂടി. ഒന്ന് 1905- ലെ ബംഗാൾ വിഭജനത്തിനെതിരായി വമ്പിച്ച പ്രക്ഷോഭണം അവിടെ ഉണ്ടായി. അതു പൂർണമായി വിജയിച്ചില്ലെങ്കിലും ഒരു ഉയിർത്തെഴുന്നേൽപ്പായിരുന്നു. അതിന്റെ അലകൾ ഇന്ത്യയിലാകെ അടിച്ചിരുന്ന കാലമാണ് 1905. രണ്ടാമത് ഭീകരപ്രസ്ഥാനം Terrorist Movement. അന്ന് പശ്ചിമബംഗാളിൽ ഉരുത്തിരിഞ്ഞുവരാൻ തുടങ്ങി. ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരായി ഏതു ആയുധവുമെടുത്തുകൊണ്ട് അതിന്റെ നേതാക്കൻമാരെ വെടിവെച്ചും, നേരിട്ടു യുദ്ധം ചെയ്തും നശിപ്പിക്കണമെന്നു വിചാരിച്ചുകൊണ്ടുള്ള ഭീകരപ്രസ്ഥാനം 1905-ൽ രൂപം കൊണ്ടിരുന്നു. അങ്ങനെയുള്ള ഭീകരപ്രസ്ഥാന നേതാക്കൻമാർ പിന്നീട് സന്യാസിമാരായിട്ടും ഇന്ത്യയുടെ ആധ്യാത്മിക നേതാക്കൻമാരായിട്ടും പോയിട്ടുണ്ടായിരുന്നു. ആ കാലഘട്ടത്തിലാണ് ഇവിടെ തന്റെ പത്രത്തിനു 'സ്വദേശാഭിമാനി' എന്ന പേരിടാൻ മൗലവിക്കു തോന്നിയതും. പത്രത്തിന്റെ ആദ്യലക്കത്തിൽ തന്നെ അദ്ദേഹം എഴുതിയതു ഇങ്ങനെയായിരുന്നു: (അദ്ദേഹത്തിന്റെ വാചകത്തിൽ പറയുകയാണെങ്കിൽ) ''ഞങ്ങൾക്കുണ്ടാകാവുന്ന വല്ല ആപത്തുകളെയും ഭയന്നു പൊതുജനസങ്കടങ്ങളെ ഞങ്ങൾ മറച്ചുവയ്ക്കുന്നതല്ല, നിശ്ചയം'' എന്നു അദ്ദേഹം ജനങ്ങൾക്കു ഉറപ്പു നൽകി. ഇന്നത്തെ പത്രപ്രവർത്തനവും അന്നത്തെ പത്രപ്രവർത്തനവും തമ്മിലുള്ള വ്യത്യാസം നമുക്കറിയാം. അടിയന്തിരാവസ്ഥ വന്നാൽ അതിന്റെ മുമ്പിൽ മുട്ടു കുത്താൻ തയ്യാറായവരാണ് ഭൂരിപക്ഷവും. അമ്പതുകൊല്ലം മുമ്പ് മൗലവി സാഹിബ് പ്രഖ്യാപിച്ച ധൈര്യം ഇന്നത്തെ പത്രപ്രവർത്തകരിൽ പലർക്കും ഉണ്ടോ? ആ ധൈര്യമെങ്കിലും കാണിക്കുവാൻ അരനൂററാണ്ടുനുശേഷം നമ്മൾ തയ്യാറാവുന്നുണ്ടോ?

തന്നെപോലെതന്നെ തനിക്കു താൻപോരിമയാർന്ന ഒരു പത്രാധിപരെക്കൂടി അദ്ദേഹം കണ്ടെത്തി. 1906-ൽ രാമകൃഷ്ണപിള്ളയെ അദ്ദേഹം പത്രാധിപരായി നിയമിച്ചു. ഏതാപത്തിലും അവർ ഒന്നിച്ചുനിന്നു. അദ്ദേഹത്തെ 1910-ൽ ഈ രാജ്യത്തുനിന്നും കെട്ടുകെട്ടിച്ചു. കണ്ണൂർ കടപ്പുറത്തു അദ്ദേഹത്തിന്റെ ജഡം മറവു ചെയ്തു. ഇവിടെനിന്നും കെട്ടുകെട്ടിക്കാൻ കാരണമെന്ത്? ദിവാൻ ഭരണത്തിനെതിരായി ധീരമായി തൂലിക ചലിപ്പിച്ചതാണ് കാരണം. അങ്ങനെ ധൈര്യമുള്ള പത്രപ്രവർത്തകൻമാർ എത്രയുണ്ടിന്ന്? കാശിന്റെയും അധികാരത്തിന്റെയും മുമ്പിൽ മുട്ടുകുത്താത്തവർ എത്രയുണ്ട്? അതാണ് ഇന്നത്തെ പ്രശ്നം. അപ്പോൾ ആ മാതൃക നമ്മൾ സ്വീകരിക്കുവാൻ തയ്യാറാകണം. അധികാരത്തിന്റെ അപ്പക്കഷണങ്ങൾക്കുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ഏതു രീതിയിലും പത്രം നടത്തുവാൻ തയ്യാറുള്ള ചിലരെങ്കിലുമുള്ള ഇക്കാലത്ത് മൗലവിയുടെ നിർഭയത്വം ഒരത്ഭുതമാണെന്നു തോന്നിപോകും പലർക്കും. സൗമ്യനായ ധിക്കാരിയായിരുന്നു വക്കം മൗലവി. സൗമ്യനാണ്. പക്ഷേ ധിക്കാരിയാണ്. മതസൗഹാർദ്ദത്തിന്റെയും ധീരമായ പത്രപ്രവർത്തനത്തിന്റെയും പ്രതീകമായ, കേരളത്തിന്റെ നവോത്ഥാനശില്പികളിലൊരാളായ വക്കം മൗലവിയുടെ പേരിലുള്ള ഈ ട്രസ്റ്റിനു എല്ലാ വിജയങ്ങളും ഞാൻ ആശംസിക്കുകയും ഉൽപ്പതിഷ്ണുവായിരുന്ന ആ സാമൂഹ്യരാഷ്ട്രീയ പ്രവർത്തകന്റെ സ്മരണക്കു മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.